"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക നൽകുന്ന മിഡ്‌ലെവൽ ലാപ്പ്ടോപിന്റെ നിരക്ക് 38902 രൂപയായി പുതുക്കി നിശ്ചയിച്ച ഉത്തരവ്- മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കൂടി ബാധകമാക്കി - ഉത്തരവ് പുറപ്പെട്ടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2081/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/09/2019

---

പരാമർശം:- 1 സ.ഉ.(കൈ)നം.22/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്, തീയതി 14.02.2018

2 സ.ഉ.(സാധാ)നം.1400/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്, തീയതി 06.07.2019

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 29.08.2019 ൽ ചേർന്ന യോഗത്തിന്റെ 4.15 നമ്പർ തീരുമാനം

**ഉത്തരവ്**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെയും മത്സ്യ ത്തൊഴിലാളികളുടെയും വിദ്യാർത്ഥികളായ മക്കൾക്ക് നൽകുന്ന ലാപ്പ്ടോപിന്റെ പരമാവധി യൂണിറ്റ് നിരക്ക് 30000 / രൂപയാണെന്നു പരാമർശം (1 ) ലെ മാർഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട് . എന്നാൽ CPRCS നിരക്ക് പ്രകാരം മിഡ്‌ലെവെൽ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ്ടോപ്പിന് 38,902 / -രൂപയാണെന്ന് ഐ.റ്റി മിഷൻ അറിയിച്ചതിനാൽ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന മിഡ്‌ലെവെൽ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ്ടോപ്പിന്റെ നിരക്ക് 38,902 / -രൂപയായി നിശ്ചയിച്ച് പരാമർശം (2 ) പ്രകാരം ഉത്തരവായിരുന്നു. ഈ ഉത്തരവ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ബാധകമാക്കണമെന്നു സംബന്ധിച്ച് എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസർ കത്ത്

നൽകിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പരാമർശം (3)–ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്എന്ന നിബന്ധനയോടെ പരാമർശം (2) ലെ സർക്കാർ ഉത്തരവ്, മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കൂടി ബാധകമാക്കി ഉത്തരവാകുന്നു.

3. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസനകമ്മീഷണർ മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, ഐ ടി മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:–

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ